**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **29-01-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ അടിസ്ഥാന സൗകര്യമില്ലാത്ത എത്ര അംഗനവാടികളുണ്ടെന്നും പ്രസ്തുത അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | **എല്ലാ അങ്കണവാടികൾക്കും അടിസ്ഥാന സൗകര്യം ഉണ്ട്.** |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും സ്വന്തമായി ഭൂമിയുള്ള അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | സ്വന്തമായി കെട്ടിടമില്ലാത്ത 25 അങ്കണവാടികൾ ഉണ്ട്. ഇതിൽ സ്വന്തമായി ഭൂമിയുള്ള 11 അങ്കണവാടികളിൽ 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്, 2 അങ്കണവാടികൾക്ക് ഫണ്ട് ലഭ്യമായിട്ടില്ല. |
| (സി) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച അംഗനവാടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച അങ്കണവാടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| സെന്റർ നം 26 (വെങ്ങോല പഞ്ചായത്ത്) | MGNREGS ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| സെന്റർനമ്പർ 122 (കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്) | പഞ്ചായത്ത് ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| സെന്റർ നം 6, 16 ( മഴുവന്നൂർ പഞ്ചായത്ത്) | പഞ്ചായത്ത് ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| സെന്റർ നം 21 (മഴുവന്നൂർ പഞ്ചായത്ത്). | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ലഭ്യമായിട്ടുണ്ട്. കെട്ടിടം പണി പുരോഗമിക്കുന്നു. |
| സെന്റർ നം 7 (മഴുവന്നൂർ പഞ്ചായത്ത്), | MLA ഫണ്ട് ലഭ്യമായി, കെട്ടിടം പണി പുരോഗമിക്കുന്നു |
| സെന്റർ നം 46(കുന്നത്തുനാട് പഞ്ചായത്ത്) | MGNREGS ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| സെന്റർ നം 53 (തിരുവാണിയൂർ പഞ്ചായത്ത്) | LSGD ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| സെന്റർ നം 138 (പുത്തൻകുരിശു പഞ്ചായത്ത്) | പഞ്ചായത്ത് ഫണ്ട് ലഭ്യമായിട്ടുണ്ട്. കെട്ടിടം പണി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ